"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്- എക്സൈസ് ഭരണപരം - വയനാട് ഡിവിഷനിലെ എക്സൈസ് ഇൻസ്പെകടർ. ശ്രീ.ആൽവിൻ ടി.വർഗ്ഗീസിന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതന അവധിയിൽ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.255/2026/TAXES തീയതി, തിരുവനന്തപുരം, 28-02-2026**

---

പരാമർശം:-
1. **29.11.2025**-ലെ സ.ഉ.(സാധാ)നം.**1046/2025**/നികുതി
2. ശ്രീ.ആൽവിൻ ടി.വർഗ്ഗീസ് **02.12.2025**-ൽ സമർപ്പിച്ച അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ **24.01.2026**-ലെ **EXC/5957/2025-XD5** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡിലെ എക്സൈസ് ഇൻസ്പെകടർ ശ്രീ.ആൽവിൻ ടി.വർഗ്ഗീസിന് **10/11/2025** മുതൽ **30/11/2026** വരെ കെ.എസ്.ആർ. ഭാഗം **I** അനുബന്ധം **XII-B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു.

**2)** മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **02.12.2025** തീയതി അപരാഹ്നം വിടുതൽ ചെയ്തതായും എന്നാൽ ടി ലീവ് അനുവദിച്ചു കിട്ടുന്നതിന് കാലതാമസം വന്നതിനാൽ **02.12.2025** വരെ ജോലിയിൽ തുടർന്നതായും, ആകയാൽ **10.11.2025** മുതൽ **02.12.2025** വരെ ജോലി ചെയ്ത കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുന്നതിനായി ശ്രീ. ആൽവിൻ. ടി. വർഗ്ഗീസ് പരാമർശം

(2) പ്രകാരം സമർപ്പിച്ച അപേക്ഷ എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വയനാട് എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡിലെ എക്സൈസ് ഇൻസ്പെകടർ ശ്രീ.ആൽവിൻ ടി.വർഗ്ഗീസിന് പരാമർശം (1) പ്രകാരം 10/11/2025 മുതൽ 30/11/2026 വരെ വരെ അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൻ ഉപയുക്തമാക്കാത്ത 10.11.2025 മുതൽ 02.12.2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.ആൽവിൻ ടി.വർഗ്ഗീസ്, എക്സൈസ് ഇൻസ്പെക്ടർ (എക്സൈസ് കമ്മീഷണർ മുഖേന)
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. ധനകാര്യ വകുപ്പ് (24.02.2026-ലെ EXP-B1/612/2025-FIN)
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/177/2025-നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 04-03-2026 18:06:39